LIBRARY ARCHIVES Kerala Legislative Assembly

'മകോട്ടദേവ' എന്ന ഔഷധ സസ്യചെടി

10 (3441) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡോനേഷ്യയിൽ വളരുന്ന 'മകോട്ടദേവ' എന്ന ഔഷധ സസ്യചെടിയുടെ കായ്കൾ രക്തസമ്മർദ്ദത്തിനും പ്രമേഹത്തിനും നല്ല ഔഷധമാണെന്നുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ കായയുടെ പുറംതൊലിയും അകത്തുമുള്ള മാംസളമായ ഭാഗവും ഔഷധഗുണമുള്ളതാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ ഔഷധ സസ്യം വ്യാപകമായി വളർത്തുന്നതിനും പൊതു ജനങ്ങൾക്ക് ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) 'മകോട്ടദേവ' എന്ന ഇൻഡോനേഷ്യയിൽ വളരുന്ന സസ്യം കേരളത്തിൽ വ്യാപകമായി കാണുന്നില്ല. ആയതിനാൽ കേരള സംസ്ഥാന ഔഷധ സസ്യബോർഡ് (എസ്.എം.പി.ബി.) ഇതുവരെ ഇത് സംബന്ധിച്ച് ആധികാരികമായി പഠനം നടത്തിയിട്ടില്ല.

ജൻ ഔഷധി സെന്ററുകൾ

11 (3442) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ ജനറിക് മരുന്നുകൾ ലഭ്യമാക്കുന്ന "ജൻ ഔഷധി സെന്ററുകൾ " തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏത് ഏജൻസിയാണ് ഈ പദ്ധതിക്ക് തുക വാഗ്ദാനം ചെയ്തിട്ടുള്ളത് ; ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് ഏതെങ്കിലും തരത്തിലുള്ള അറിയിപ്പ് ലഭിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാന സർക്കാരിന് കീഴിൽ ജനറിക് മരുന്നുകൾ കുറഞ്ഞ നിരക്കിൽ നൽകുന്ന എന്തെല്ലാം സൗകര്യങ്ങൾ നിലവിലുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ജൻ ഔഷധി സെന്ററുകൾ തുടങ്ങുന്നതിനും ബോധവൽക്കരണത്തിനും സ.ഉ.(സാ) നം.2190/15/ആ.കു.വ. തീയതി 14-7-2015 പ്രകാരം കേരള മെഡിക്കൽ കോർപ്പറേഷനെ ഓപ്പറേറ്റിംഗ് ഏജൻസിയായി നിയമിച്ചിട്ടുണ്ട്.

(സി) എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യമായി ജനറിക് മരുന്നുകൾ ലഭ്യമാണ്. ആദായനികുതി ഒടുക്കുന്നവർ ഒഴികെ എല്ലാവർക്കും മരുന്ന് സൗജന്യമാണ്.

ഇ-ഹെൽത്ത് പ്രോഗ്രാം

12 (3443) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് സംസ്ഥാനത്തെ ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിനായി ഇ-ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഇ-ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കുന്നതിനായി കേന്ദ്രത്തിൽ നിന്നും എത്ര രൂപ ധനസഹായം ലഭിച്ചു ; സംസ്ഥാനം എത്ര രൂപ മാറ്റി വച്ചു ; എത്ര രൂപ ചെലവഴിച്ചു ; വ്യക്തമാക്കാമോ ;

(സി) ജീവിത ശൈലീരോഗങ്ങളിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിനായി ഇ-ഹെൽത്ത് പ്രോഗ്രാം വഴി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ഇ-ഹെൽത്ത് പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പദ്ധതിയ്ക്കു വേണ്ടിയുള്ള സോഫ്റ്റ് വെയർ നിർമ്മാണ പ്രവർത്തനം അന്തിമഘട്ടത്തിലാണ്. മൂന്ന് മാസത്തിനകം തെരഞ്ഞെടുത്ത ആരോഗ്യകേന്ദ്രങ്ങളിൽ പൈലറ്റ് പദ്ധതി നടപ്പിലാക്കുവാനും 2016 അവസാനത്തോടെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം തുടങ്ങി 7 ജില്ലകളിൽ പദ്ധതി നടപ്പിലാക്കുവാനുമാണ് ഇപ്പോൾ വിഭാവനം ചെയ്തിട്ടുള്ളത്. വിവര സാങ്കേതികവിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക; കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly